A

712

# അർദ്ധവാർഷിക മൂല്യനിർണയം 2017-18

## മലയാളം

ക്ലാസ് - 7 | അടിസ്ഥാന പാഠാവലി | സമയം: 2 മണിക്കൂർ

**നിർദേശങ്ങൾ**

1. *മൂല്യ നിർണയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് ചോദ്യങ്ങൾ വായിച്ച് മനസിലാക്കാനുള്ളതാണ്. (സമാശ്വാസ സമയം)*
2. *ആകെ 6 ചോദ്യങ്ങളാണ് ഉള്ളത്. ഇതിൽ നന്നായി അറിയാവുന്ന 5 എണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.*
3. *ഉപചോദ്യങ്ങൾ ഉണ്ടെങ്കിൽ ചോദ്യനമ്പരിനോടൊപ്പം (എ), (ബി) എന്നിങ്ങനെ എഴുതണം.*

### പ്രവർത്തനം 1 : അഭിപ്രായക്കുറിപ്പ്

(എ)

"ഇതിവിടെ ചെലവാക്കാൻ ഉദ്ദേശിക്കല്ലേ പണം വച്ചിട്ട് പോ.....നിന്റെ കണ്ണു ഞാൻ ചൂരന്നെടുക്കും. അല്ലെങ്കിൽ......" 'ഒരു മനുഷ്യൻ' എന്ന കഥയിൽ ഭക്ഷണം കഴിച്ചിട്ട് കാശുകൊടുക്കാൻ കഴിയാതെ പ്രയാസപ്പെട്ട മനുഷ്യനോടുള്ള ഹോട്ടലുടമസ്ഥന്റെ പ്രതികരണമാണിത്. ബഷീറിന്റെ സ്ഥാനത്ത് നിങ്ങളായിരുന്നുവെങ്കിൽ എങ്ങനെയായിരിക്കും പ്രതികരിക്കുക? നിങ്ങളുടെ അഭിപ്രായം ഒരു കുറിപ്പായി എഴുതുക..

(ബി) "സാഹസപ്രവൃത്തി" എന്നതിനെ സാഹസികമായ പ്രവൃത്തി എന്ന് മാറ്റിയെഴുതാം. "വഴിയോരക്കാഴ്ചകൾ" എന്നതിനെ ഇതുപോലെ എങ്ങനെ മാറ്റിയെഴുതാം ?

### പ്രവർത്തനം 2 : കഥാപൂരണം

ഗ്രാമപ്രദേശത്ത് വനത്തിനോടുചേർന്ന പുഴയോരത്തായിരുന്നു സുജാതയും അമ്മയും താമസിച്ചിരുന്നത്. ഒരിക്കൽ വിറകു ശേഖരിക്കാൻ പോയ അമ്മയും മകളും അവിടെ കാട്ടിൽ ഒറ്റപ്പെട്ടുനിന്ന കുട്ടിയാനയെ കണ്ടു. സുജാത അവന് പഴം വെച്ചു നീട്ടി. കുഞ്ഞാനയ്ക്ക് അവളെ ഇഷ്ടമായി. പിന്നീട് പലപ്പോഴും അവർ കണ്ടുമുട്ടി. കൂടെ കളിച്ചു.

വർഷങ്ങൾ കഴിഞ്ഞതോടെ അവർ വളർന്നു; അവരുടെ സൗഹൃദവും. പക്ഷേ നാട്ടിലേക്ക് വരാൻ ആനയ്ക്കും കാട്ടിലേക്ക് പോകാൻ സുജാതയ്ക്കും കഴിയാതായി......പിന്നീട് എന്തൊക്കെയായിരിക്കും സംഭവിച്ചത്? കഥ പൂർത്തിയാക്കൂ.



പ്രവർത്തനം - 3 - നാടകം

താഴെ കൊടുത്തിരിക്കുന്ന കഥ വായിച്ച് നാടകമാക്കുക അനുയോജ്യമായ സംഭാഷണങ്ങൾ, രംഗസജ്ജീകരണം ഇവ ശ്രദ്ധിക്കുമല്ലോ

<u>മുത്തച്ഛന്റെ പാത്രം</u>

ഒരു മുത്തച്ഛൻ തന്റെ മകനോടും കൊച്ചുമക്കളോടും ഒപ്പം ജീവിക്കുകയായിരുന്നു. കാലം കടന്നുപോയി. മുത്തച്ഛന് പ്രായം ഏറെയായി, കൈകൾ വിറച്ചു തുടങ്ങി. ഒരു ദിവസം കുറെ അതിഥികൾ വീട്ടിൽ വന്നു. എല്ലാവരും കൂടി ഭക്ഷണത്തിനിരുന്നു. മുത്തച്ഛൻ പാത്രം കൈയിലെടുത്തപ്പോൾ താഴെ വീണു പൊട്ടി. ഭക്ഷണം മേശപ്പുറത്തും അതിഥികളുടെ വസ്ത്രത്തിലും വീണു. അതിഥികൾ പോയിക്കഴിഞ്ഞപ്പോൾ മകൻ പറഞ്ഞു "അച്ഛൻ ഇനി ഊണു മേശയിൽ ഇരുന്നു ഭക്ഷണം കഴിക്കേണ്ട. ആഹാരം അച്ഛന്റെ മുറിയിൽ തന്നു കൊള്ളാം. താഴെ വീണാൽ പൊട്ടാത്ത ഒരു പാത്രവും തരാം."

മുത്തച്ഛന്റെ ജീവിതം ഒരു മുറിയിൽ ഒതുങ്ങി. കുറേനാൾ കഴിഞ്ഞു, അദ്ദേഹം മരിച്ചു. മരണാനന്തര ക്രിയകൾക്കുശേഷം മുത്തച്ഛന്റെ മുറി വൃത്തിയാക്കിക്കൊണ്ടിരുന്നപ്പോൾ ഇളയ കൊച്ചുമകൻ മുത്തച്ഛന്റെ പാത്രം എടുത്തു കഴുകി വൃത്തിയാക്കി. ഇതു കണ്ട അവന്റെ അച്ഛൻ പറഞ്ഞു. "നീ എന്തിനാടാ അതെടുത്തത്? പഴയ പാത്രങ്ങളെടുക്കുന്നവർ വരുമ്പോൾ കൊടുക്കാം." കുട്ടി പറഞ്ഞു: "ഞാൻ ഇതു സൂക്ഷിച്ചുവയ്ക്കുന്നത് അച്ഛനു വേണ്ടിയാണ്."

പ്രവർത്തനം - 4

(എ) കഥാപാത്ര നിരൂപണം

ഞാൻ ആ മനുഷ്യന്റെ പേര് ചോദിച്ചു. അദ്ദേഹം പറഞ്ഞു:

"എനിക്ക് പേരില്ല."

ഞാൻ പറഞ്ഞു "എങ്കിൽ....ദയവ് എന്നായിരിക്കും പേര്..."

'ഒരു മനുഷ്യൻ' എന്ന കഥ ഓർമയുണ്ടല്ലോ... അദ്ദേഹത്തിന് (പണം കൊടുത്തയാൾ) ഈ കഥയിലുള്ള സ്ഥാനം, സ്വഭാവസവിശേഷതകൾ, മറ്റുള്ളവരോടുള്ള പെരുമാറ്റം ഇവ ഉൾപ്പെടുത്തി **കഥാപാത്രനിരൂപണം** തയാറാക്കൂ.....

(ബി) താഴെ പറയുന്നവയിൽ ബഷീറിന്റെ കൃതി അല്ലാത്തത് ഏത്?

(പാത്തുമ്മയുടെ ആട്, ഉമ്മാച്ചു, ആനവാരിയും പൊൻകുരിശും)

## പ്രവർത്തനം - 5 :ജീവചരിത്രക്കുറിപ്പ്




മുകളിൽ നൽകിയ സൂചനകളും നിങ്ങൾക്കറിയാവുന്ന കാര്യങ്ങളും ഉൾപ്പെടുത്തി ലോകപ്രശസ്ത ചലച്ചിത്രകാരനായ അകിര കുറസോവയുടെ **ജീവചരിത്രക്കുറിപ്പ്** തയാറാക്കുക.

## പ്രവർത്തനം 6

## വിലയിരുത്തൽ കുറിപ്പ്

(എ) "നാലണയ്ക്ക് പാങ്ങില്ലാത്തതിനാൽ ഞാൻ കൊട്ടകയിലേക്ക് കയറിയത് കൊളുത്തില്ലാത്ത ഒരു ജനൽ പഴുതിലൂടെയാണ്. ആ ജനലിന് കൊളുത്തില്ലാതിരുന്നത് പല കുട്ടികൾക്കും വലിയ അനുഗ്രഹമായി". "അരങ്ങുണരുന്നു" എന്ന പാഠഭാഗത്ത് നാടകം കാണാൻ പ്രയാസപ്പെട്ട കഥാകൃത്തിന്റെ കുട്ടിക്കാലാനുഭവമാണ് പങ്കുവയ്ക്കുന്നത്. എന്നാൽ ഇന്നത്തെ മാറിയ സാഹചര്യത്തിൽ ഏതു കലാരൂപവും നിമിഷനേരം കൊണ്ട് നമുക്കു കാണാൻ സാധിക്കും. ഇക്കാലത്തെ കലാസ്വാദനത്തിനുള്ള നവീന സാധ്യതകളെ **വിലയിരുത്തി** ഒരു കുറിപ്പു തയാറാക്കുക